**HADIA CSE Khutba Notes (23.08.2019)**

## പ്രളയം നൽകുന്ന പാഠം

വീണ്ടും ഒരു മഹാപ്രളയത്തെ അഭിമുഖീകരിക്കേണ്ടിവന്നവരാണ് നാം. നമ്മുടെ മലമടക്കുകളും താഴ്‌വാരങ്ങളും വയലുകളും പ്രളയം വഴിയുണ്ടായ നാശങ്ങളനുഭവിക്കുകയുണ്ടായി.

പ്രളയത്തിന്റെ കാര്യകാരണങ്ങൾ ചർച്ച ചെയ്യുകയാണ് ഇന്ന് നാം. പലരും പല നിലക്കാണ് ഇതിനെ വ്യാഖ്യാനിക്കുന്നത്. ഇതിൽ ഒരു വ്യാഖ്യാനം പലരും ആവർത്തിക്കുന്നതായി കണ്ടു. അഥവാ, ഈ പ്രളയം ദൈവിക ശിക്ഷയാണെന്ന്.

ജനങ്ങളുടെ അതിക്രമങ്ങൾക്ക് ഇഹലോകത്ത് വച്ചു തന്നെ ശിക്ഷ നൽകുക എന്നത് അല്ലാഹുവിന്റെ ഒരു രീതിയാണ്. മുൻകാല സമൂഹങ്ങളിൽ ഇത്തരം പല ശിക്ഷകളും ഇറങ്ങിയിട്ടുമുണ്ട്.

പ്രകൃതിയിലെ പ്രധാനപ്പെട്ട നാല് ഘടകങ്ങൾ (മണ്ണ്, വെള്ളം, തീ, വായു) ഉപയോഗിച്ചുമുള്ള ശിക്ഷകളുണ്ടായിട്ടുണ്ട്.

എന്നാൽ എന്ത് ദുരന്തമുണ്ടായാലും അതിനെയെല്ലാം ദൈവിക ശിക്ഷയാക്കി മാറ്റുന്നത് ശരിയല്ല. വിശ്വാസപരമായും സ്വഭാവപരമായും അത്ര മോശമായ പ്രദേശങ്ങളിലൊന്നുമല്ലല്ലോ ഇന്ന് പ്രളയമുണ്ടായത്. ഇതിനെക്കാൾ തെമ്മാടിത്തരവും വേണ്ടാവൃത്തിയും നടമാടുന്ന സ്ഥലങ്ങൾ പലതും സുരക്ഷിതമാണ്.

മാത്രവുമല്ല തിരുനബി (സ്വ) പറയുന്നു:

عن مالك عن سهيل بن أبي صالح ، عن أبيه ، عن أبي هريرة ؛ أن رسول الله - صلى الله عليه وسلم - قال : " إذا سمعت الرجل يقول : هلك الناس ، فهو أهلكهم"

അപ്പോൾ ആളുകളെല്ലാം മോശമായിരിക്കുന്നുവെന്ന് നാം നിരന്തരം പറഞ്ഞുനടക്കണ്ട. അത്തരം മുദ്രകുത്തലുകളാണ് ആളുകളെ മോശമാക്കുന്നത്.

പിന്നെ എന്തിനായിരിക്കും പ്രളയം?

നമ്മുടെ പാപങ്ങൾ പൊറുക്കാനുള്ള കഫ്ഫാറത്തായും അല്ലാഹു വിപത്തുകൾ അയക്കാം. ഒരു സംഭവം കാണുക:

عنْ عَطَاءِ بْنِ يَسَارٍ ، أَنَّ أَبَا سَعِيدٍ الْخُدْرِيَّ دَخَلَ عَلَى رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ وَهُوَ مَوْعُوكٌ عَلَيْهِ قَطِيفَةٌ ، فَوَضَعَ يَدَهُ عَلَيْهِ فَوَجَدَ حَرَارَتَهَا فَوْقَ الْقَطِيفَةِ . فَقَالَ أَبُو سَعِيدٍ : مَا أَشَدُّ حَرِّ حُمَّاكَ يَا رَسُولَ اللَّهِ ، فَقَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " إِنَّا كَذَلِكَ يُشَدَّدُ عَلَيْنَا الْبَلاءُ وَيُضَاعَفُ لَنَا الأَجْرُ " ، ثُمَّ قَالَ : يَا رَسُولَ اللَّهِ ، مَنْ أَشَدُّ النَّاسِ بَلاءً ؟ قَالَ: " الأَنْبِيَاءُ " ، قَالَ : ثُمَّ مَنْ ؟ قَالَ : " ثُمَّ الْعُلَمَاءُ " . قَالَ : ثُمَّ مَنْ ؟ قَالَ : " ثُمَّ الصَّالِحُونَ كَانَ أَحَدُهُمْ يُبْتَلَى بِالْفَقْرِ حَتَّى مَا يَجِدُ إِلا الْعَبَاءَةَ يَلْبَسُهَا ، وَيُبْتَلَى بِالْقُمَّلِ حَتَّى يَقْتُلَهُ ، وَلأَحَدُهُمْ أَشَدُّ فَرَحًا بِالْبَلاءِ مِنْ أَحَدِكُمْ بِالْعَطَاءِ ".

ഇനി യാതൊരു തരത്തിലും പ്രളയം ബാധിക്കാത്തവരുണ്ട്. അതുപോലെ തന്നെ ജീവിതത്തിൽ യാതൊരു പ്രയാസവും ബുദ്ധിമുട്ടും അനുഭവിക്കാത്തവരുമുണ്ട്. അത്തരക്കാരാണ് പേടിക്കേണ്ടത്. അല്ലാഹു തന്നെ കൈവിട്ടോ എന്ന് അവർ സംശയിക്കണം.

حَدَّثَنَا يَعْقُوبُ بْنُ كَعْبٍ الأَنْطَاكِيُّ ، نا عَبْدُ اللَّهِ بْنُ وَهْبٍ عَنْ مُحَمَّدُ بْنُ أَبِي حُمَيْدٍ ، عَنْ مُسْلِمٍ ، مَوْلَى الزُّبَيْرِ ، قَالَ : دَخَلْتُ عَلَى عَبْدِ اللَّهِ بْنِ إِيَاسِ بْنِ أَبِي فَاطِمَةَ فَحَدَّثَنِي ، عَنْ أَبِيهِ ، عَنْ جَدِّهِ قَالَ : كُنَّا مَعَ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، فَقَالَ : " مَنْ يُحِبُّ مِنْكُمْ أَنْ يَصِحَّ فَلا يَسْقَمَ ؟ فَابْتَدَرْنَاهُ ، فَقُلْنَا : نَحْنُ ، فَعَرَفْنَا مَا فِي وَجْهِهِ ، فَقَالَ : " أَتُرِيدُونَ أَنْ تَكُونُوا كَالْحَمِيرِ الصَّيَّالَةِ ؟ إِنَّ اللَّهَ عَزَّ وَجَلَّ لَيَبْتَلِي الْمُؤْمِنَ بِالْبَلاءِ ، وَمَا يَبْتَلِيهِ إِلا لِكَرَامَتِهِ عَلَيْهِ ، إِنَّ اللَّهَ عَزَّ وَجَلَّ يُرِيدُ أَنْ يُبَلِّغَهُ مَنْزِلَةً لَمْ يَبْلُغْهَا بِشَيْءٍ مِنْ عَمَلِهِ إِلا بِمَا يَبْتَلِيهِ ، فَيُبَلِّغُهُ بِتِلْكَ الْمَنْزِلَةِ"

അതുപോലെ ഗുണപാഠമായിട്ടും (ഇബ്റത്ത്) വിപത്തുകൾ വരാം. ഉഹുദിൽ മുസ്‌ലിംകൾ പരാ

## പ്രളയം നൽകുന്ന പാഠം

ജയപ്പെട്ടതെല്ലാം ഈ ഗണത്തിൽ പെടും. ഇതൊന്നും ശിക്ഷയല്ല. മറിച്ച്, സ്വയം ആലോചിക്കാനുള്ള അവസരങ്ങളാണ്. അങ്ങനെ ആലോചിക്കുമ്പോൾ ഈ പ്രളയത്തിൽ നിന്ന് പല കാര്യങ്ങളും പഠിക്കാൻ സാധിക്കും.

അതിൽ പ്രധാനപ്പെട്ട ഒരു കാര്യം മനുഷ്യൻ ഈ ലോകത്ത് എങ്ങനെ ജീവിക്കണം എന്ന് നാം പ്രളയത്തിൽ പഠിച്ചു.

അതായത് നാല് കാര്യങ്ങളുണ്ടാകുമ്പോഴാണ് നമുക്ക് സന്തോഷകരമായ ജീവിതം സാധ്യമാവുക.

1) മനുഷ്യന്റെ മഹത്വം

മനുഷ്യന്റെ ജീവന് വിലയുണ്ടെന്ന് ഈ പ്രളയം നമ്മെ പഠിപ്പിച്ചു. ആ ജീവൻ രക്ഷിച്ചെടുക്കാൻ ഇന്ന് നിലവിലുള്ള എല്ലാ സംവിധാനങ്ങളും ഉപയോഗിച്ചു. ജീവന് മാത്രമല്ല, മനുഷ്യന്റെ മൃതശരീരത്തിനു പോലും വിലയുണ്ടെന്ന് നമ്മെ ബോധ്യപ്പെടുത്തുന്നതായിരുന്നു അതിനു വേണ്ടിയുള്ള തിരച്ചിലുകൾ.

അല്ലാഹു പറയുന്നു:

وَلَقَدْ كَرَّمْنَا بَنِي آدَمَ وَحَمَلْنَاهُمْ فِي الْبَرِّ وَالْبَحْرِ وَرَزَقْنَاهُم مِّنَ الطَّيِّبَاتِ وَفَضَّلْنَاهُمْ عَلَىٰ كَثِيرٍ مِّمَّنْ خَلَقْنَا تَفْضِيلًا

മനുഷ്യനു വേണ്ടിയാണ് മുഴുവൻ വസ്തുക്കളെയും സൃഷ്ടിച്ചിട്ടുള്ളത്:

هُوَ الَّذِي خَلَقَ لَكُم مَّا فِي الْأَرْضِ جَمِيعًا ثُمَّ اسْتَوَىٰ إِلَى السَّمَاءِ فَسَوَّاهُنَّ سَبْعَ سَمَاوَاتٍ ۚ وَهُوَ بِكُلِّ شَيْءٍ عَلِيمٌ

ആ സൃഷ്ടിപ്പ് ഏറ്റവും നല്ല രീതിയിലാക്കുകയും ചെയ്തു

لَقَدْ خَلَقْنَا الْإِنسَانَ فِي أَحْسَنِ تَقْوِيمٍ

പ്രപഞ്ചത്തിൽ ഏറ്റവും വിലപിടുപ്പുള്ള സ്വത്തായ അറിവ് കൊണ്ട് അനുഗ്രഹിച്ചു.

وَعَلَّمَ آدَمَ الْأَسْمَاءَ كُلَّهَا ثُمَّ عَرَضَهُمْ عَلَى الْمَلَائِكَةِ فَقَالَ أَنبِئُونِي بِأَسْمَاءِ هَٰؤُلَاءِ إِن كُنتُمْ صَادِقِينَ

അതുകൊണ്ട് മനുഷ്യനെ ആദരിക്കണമെന്നും അവൻ മഹത്വമുള്ള ജീവിയാണെന്നും ഈ പ്രളയം നമ്മെ ബോധ്യപ്പെടുത്തി.

2) മനുഷ്യർക്കിടയിൽ ദേശം, ഭാഷ, വർണം, മതം, സംഘടന, സമ്പത്ത് എന്നിവയുടെ പേരിൽ വിവേചനം ഇല്ലാതിരിക്കുക. ആരെയും മാറ്റി നിറുത്താതിരിക്കുക.

വംശീയത തിരുനബി തള്ളിക്കളഞ്ഞിട്ടുണ്ട്.

روى مسلم عَنْ جُنْدَبِ بْنِ عَبْدِ اللَّهِ الْبَجَلِيِّ قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : ( مَنْ قُتِلَ تَحْتَ رَايَةٍ عِمِّيَّةٍ يَدْعُو عَصَبِيَّةً أَوْ يَنْصُرُ عَصَبِيَّةً فَقِتْلَةٌ جَاهِلِيَّةٌ )

عَنْ أَبِي هُرَيْرَةَ ، عَنْ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ ، قَالَ : " مَنْ خَرَجَ مِنَ الطَّاعَةِ ، وَفَارَقَ الْجَمَاعَةَ ، فَمَاتَ مَاتَ مِيتَةً جَاهِلِيَّةً ، وَمَنْ خَرَجَ عَلَى أُمَّتِي بِسَيْفِهِ يَضْرِبُ بَرَّهَا ، وَفَاجِرَهَا لا يَتَحَاشَى مُؤْمِنًا لإِيمَانِهِ ، وَلا يَفِي لِذِي عَهْدٍ بِعَهْدِهِ ، فَلَيْسَ مِنْ أُمَّتِي ، وَمَنْ قُتِلَ تَحْتَ رَايَةٍ عِمِّيَّةٍ يَغْضَبُ لِلْعَصَبِيَّةِ ، وَيُقَاتِلُ لِلْعَصَبِيَّةِ ، وَيَدْعُو لِلْعَصَبِيَّةِ ، فَمَاتَ مَاتَ مِيتَةً جَاهِلِيَّةً " .

എന്നാൽ ലോകത്ത് പല നിലക്കുമുള്ള വിവേചനം നടക്കുന്നു. വെളുത്തവൻ കറുത്തവൻ എന്ന വർണവിവേചനം, സ്വദേശികൾ വിദേശികൾ അഭയാർത്ഥികൾ തുടങ്ങിയ ദേശവിഭജനം, ആദിവാസികൾ, ആധുനികർ തുടങ്ങിയ സാംസ്കാരിക വിവേചനം, പലതരത്തിലുമുള്ള സംഘടനാ വിവേചനം എല്ലാം ഇതിൽ പെടും.

## പ്രളയം നൽകുന്ന പാഠം

പക്ഷേ, പ്രളയകാലം ഇതിനൊന്നും ഒരു സ്ഥാനവുമുണ്ടായിരുന്നില്ല. എല്ലാവരും ഒന്നാണെന്ന് ഓരോ ദുരിതാശ്വാസ ക്യാംപും വിളിച്ചുപറയുകയായിരുന്നു.

വ്യത്യസ്ത മതം പിന്തുടരുന്നവരാണെങ്കിലും നാം അവരോട് നല്ല രീതിയിൽ പെരുമാറണം. എല്ലാവരോടും കരുണ കാണിക്കുന്നവരാകണം. അല്ലാഹു ദുൻയാവിൽ എല്ലാവരോടും കരുണ ചെയ്യുന്നവനാണ്.

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ تَعَالَى عَنْهُ ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " أَوْحَى اللَّهُ إِلَى إِبْرَاهِيمَ عَلَيْه السّلَامُ : يَا خَلِيلِي حَسِّنْ خُلُقَكَ وَلَوْ مَعَ الْكُفَّارِ ، تَدْخُلْ مَدَاخِلَ الأَبْرَارِ ، وَأَنَّ كَلِمَتِي سَبَقَتْ لِمَنْ حَسُنَ خُلُقُهُ أَنْ أُظِلُّهُ تَحْتَ عَرْشِي وَأُسْقِيَهُ مِنْ حَظِيرَةِ قُدْسِي وَأُدْنِيهِ مِنْ جِوَارِي "

3) പരസ്പരമുള്ള സഹായസഹകരണങ്ങളാണ് പ്രളയം നമ്മെ പഠിപ്പിച്ച മറ്റൊരു പാഠം.

മനുഷ്യൻ ഒരു സാമൂഹിക ജീവിയാണ് (Social Animal). അതുകൊണ്ട് മറ്റുള്ളവരുടെ സഹകരണം ഇല്ലാതെ അവന്ന് ജീവിക്കാൻ സാധിക്കുകയില്ല. ഒരുപാട് ആളുകളുടെ അധ്വാനത്തിന്റെ ഫലമാണ് നാം ധരിക്കുന്ന വസ്ത്രം പോലും.

മൂസാ നബി (അ) പ്രബോധനത്തിന് പോയപ്പോൾ തന്റെ സഹോദരന്റെ സഹായം ആവശ്യപ്പെടുന്നുണ്ട്.

وَأَخِي هَارُونُ هُوَ أَفْصَحُ مِنِّي لِسَانًا فَأَرْسِلْهُ مَعِيَ رِدْءًا يُصَدِّقُنِي ۖ إِنِّي أَخَافُ أَن يُكَذِّبُونِ (٣٤) قَالَ سَنَشُدُّ عَضُدَكَ بِأَخِيكَ وَنَجْعَلُ لَكُمَا سُلْطَانًا فَلَا يَصِلُونَ إِلَيْكُمَا ۚ بِآيَاتِنَا أَنتُمَا وَمَنِ اتَّبَعَكُمَا الْغَالِبُونَ (٣٥)

തിരുനബി(സ്വ)യും പ്രബോധനത്തിന് ഇറങ്ങിയപ്പോൾ സഹായികളെ തേടിയിട്ടുണ്ട്.

عن جابر بن عبد الله ـ رضي الله عنه ـ قال: ( مكث رسول الله ـ صلى الله عليه وسلم ـ بمكة عشر سنين يتبع الناس في منازلهم بعكاظ ومجنة وفي المواسم بمنى يقول: من يؤويني؟، من ينصرني حتى أبلغ رسالة ربي وله الجنة؟، حتى إن الرجل ليخرج من اليمن أو من مُضر فيأتيه قومه فيقولون احذر غلام قريش لا يفتنك، ويمشي بين رحالهم وهم يشيرون إليه بالأصابع ) رواه أحمد .

ഓരോ നാട്ടിലേക്കും പുറംനാടുകളിൽ നിന്ന് ഒഴുകിയ സഹായഹസ്തങ്ങൾ നാം കണ്ടു. വസ്ത്രം, ഭക്ഷണം, പണം, പാർപിടം എല്ലാം നാം പരസ്പരം പങ്കുവച്ചു.

അശ്അരികളെ നബി (സ്വ)ക്ക് ഇഷ്ടമാകാൻ കാരണവും ഇതായിരുന്നു.

عَنْ أَبِي مُوسَى ، قَالَ : قَالَ رَسُولُ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ : " إِنَّ الأَشْعَرِيِّينَ إِذَا أَرْمَلُوا فِي الْغَزْوِ ، أَوْ قَلَّ طَعَامُ عِيَالِهِمْ بِالْمَدِينَةِ ، جَمَعُوا مَا كَانَ عِنْدَهُمْ فِي ثَوْبٍ وَاحِدٍ ، ثُمَّ اقْتَسَمُوه بَيْنَهُمْ فِي إِنَاءٍ وَاحِدٍ بِالسَّوِيَّةِ ، فَهُمْ مِنِّي وَأَنَا مِنْهُم " . أَخْرَجَهُ الْبُخَارِيُّ عَنْ أَبِي كُرَيْبٍ ، عَنْ أَبِي أُسَامَةَ . وَأَخْرَجَهُ مُسْلِمٌ عَنِ ابْنِ بَرَّادٍ وَأَبِي كُرَيْبٍ ، عَنْ أَبِي أُسَامَةَ.

മറ്റൊരു ഹദീസ് കാണുക

عن أبي سعيد الخدري قال بينما نحن في سفر مع النبي صلى الله عليه وسلم إذ جاء رجل على راحلة له قال فجعل يصرف بصره يمينا وشمالا فقال رسول الله صلى الله عليه وسلم من كان معه فضل ظهر فليعد به على من لا ظهر له ومن كان له فضل من زاد فليعد به على من لا زاد له قال فذكر من أصناف المال ما ذكر حتى رأينا أنه لا حق لأحد منا في فضل

4) ഐക്യവും സംഘബോധവും

**HADIA CSE Khutba Notes (23.08.2019)**

## പ്രളയം നൽകുന്ന പാഠം

ഒറ്റക്കാകുമ്പോഴാണല്ലോ ചെന്നായ പിടിക്കുക

قَالَ إِنِّي لَيَحْزُنُنِي أَن تَذْهَبُوا بِهِ وَأَخَافُ أَن يَأْكُلَهُ الذِّئْبُ وَأَنتُمْ عَنْهُ غَافِلُونَ (١٣) قَالُوا لَئِنْ أَكَلَهُ الذِّئْبُ وَنَحْنُ عُصْبَةٌ إِنَّا إِذًا لَّخَاسِرُونَ (١٤)

രാഷ്ട്രീയത്തിനും മതത്തിനും ദേശത്തിനും അതീതമായുള്ള ഒരുമയുണ്ടെങ്കിൽ ഏത് പ്രതിസന്ധികളെയും നമുക്ക് തോൽപിക്കാൻ സാധിക്കുമെന്ന് വിളിച്ചോതുന്നതായിരുന്നു ഈ പ്രളയം.

ഇതോടൊന്നിച്ച് വായിക്കേണ്ടതു തന്നെയാണ് ഇന്ത്യയുടെ വർഗീയമായിക്കൊണ്ടിരിക്കുന്ന സമകാലിക അവസ്ഥയും.

വർഗീയത ഒരു ആവേശം മാത്രമാണ്, പരിഹാരമല്ല. അത് തികച്ചും വൈകാരികമാണ്, വിവേകപൂർണമല്ല. നാം ഒത്തൊരുമയോടെ ജീവിക്കുക. നമുക്കു ചുറ്റുമുള്ള ഓരോരുത്തരും വർഗീയമായി ചിന്തിച്ചാൽ പോലും ആ അവിവേകം നമുക്കുണ്ടായിക്കൂടാ.

ഒരുമയോടെ ജീവിച്ചാൽ മാത്രമേ പുരോഗതി കൈവരിക്കാനാകൂ. ആളുകളിൽ ഭീതിയുണ്ടായാൽ ഇവിടത്തെ ബിസിനസുകൾ തകരും, വിദ്യാഭ്യാസം തകരും. ജീവിതം താറുമാറാകും. ഇതിന്റെ നാശം ഒരു വിഭാഗം മാത്രമല്ല അനുഭവിക്കേണ്ടിവരിക.

ചിലർക്കു മാത്രം ജീവിക്കണം എന്ന് വിചാരിച്ചാൽ രാജ്യം തകരും. തിരുനബി (സ്വ)യുടെ ഉദാഹരണം നോക്കുക:

عن النعمان بن بشير رضي الله عنهما عن النبي صلى الله عليه وسلم، قال: «مَثَلُ الْقَائِمِ عَلَى حُدُودِ اللَّهِ وَالْوَاقِعِ فِيهَا؛ كَمَثَلِ قَوْمٍ اسْتَهَمُوا عَلَى سَفِينَةٍ، فَأَصَابَ بَعْضُهُمْ أَعْلَاهَا، وَبَعْضُهُمْ أَسْفَلَهَا، فَكَانَ الَّذِينَ فِي أَسْفَلِهَا إِذَا اسْتَقَوْا مِنَ الْمَاءِ مَرُّوا عَلَى مَنْ فَوْقَهُمْ، فَقَالُوا: لَوْ أَنَّا خَرَقْنَا فِي نَصِيبِنَا خَرْقًا وَلَمْ نُؤْذِ مَنْ فَوْقَنَا، فَإِنْ يَتْرُكُوهُمْ وَمَا أَرَادُوا هَلَكُوا جَمِيعًا، وَإِنْ أَخَذُوا عَلَى أَيْدِيهِمْ نَجَوْا وَنَجَوْا جَمِيعًا» (رواه البخاري)

വംശീയതയിലും വർഗീയതയിലും ചിന്തിച്ച സമൂഹം തകർന്നിട്ടേയുള്ളൂ.

ഖിബ്തികൾക്കും ഇസ്രാഈല്യർക്കുമിടയിൽ വർഗീയതയുടെ മതിൽ പണിത ഫിർഔൻ ചെങ്കടലിൽ മുങ്ങി മരിച്ചെങ്കിൽ നാസികൾക്കും സെമിറ്റിക് വിഭാഗങ്ങൾക്കുമിടയിൽ വേർതിരിവുണ്ടാക്കിയ ഹിറ്റ്ലർ സ്വയം ശരീരത്തിലേക്ക് വെടിയുതിർത്ത് ആത്മഹത്യ ചെയ്യുകയാണുണ്ടായത്.

ചുരുക്കത്തിൽ മാനവരാശി ഭൂമിയിൽ എങ്ങനെ ജീവിക്കണം എന്ന് പ്രളയം നമ്മെ പഠിപ്പിച്ചു. ഈ പാഠം നമുക്ക് മറക്കാതിരിക്കുക..


**HADIA Centre for Social Excellence**
Panakkad, Pattarkadavu P.O
Malappuram DT, Kerala -676519
csehadia@gmail.com I www.hadia.in
**For any clarification: Mob: +919496445823**